STATEMENT BY SPEAKER.

RE: QUESTIONS AND ANSWERS.

[9 A. M.]

MR. SPEAKER: Order, Order. Rule 41 lays down that in respect of questions posted for oral answers for a particular day and not called for answer during the question hour, the answers in respect of these questions shall be laid on the table of the Assembly. Shri K. Krishna Pillai raised a point whether this rule is not being followed. Members may be aware from past practice that answers to questions both starred and unstarred posted for a day, received from Government, are placed in the Library at 12 noon every day for the information of the members. I am sure that members are referring to these answers in the Library. It may be that in some cases the answers to questions posted for a day may not be received on that day but received subsequently. These answers arranged date-war in the serial order are also placed in the Library for the reference of member and members are duly notified of the fact by means of the Assembly Bulletin. This practice adopted in previous Sessions is being continued. The first list of this nature for the current Session has been placed in the Library yesterday as may be seen from the Assembly Bulletin, Part II No. 181, circulated.

Statement by Shri T. V. Thomas re: Sathyagraha by Shri Srikantan Nair.

ശ്രീ. ടി. വി. തോമസ്: സർ, വളരെ പ്രധാനപ്പെട്ട ഒരുകാര്യം ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. സഖാവു് ശ്രീകണ്ഠൻനായർ കഴിഞ്ഞ രണ്ടദിവസങ്ങളായി, നിരാഹാരവ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു്. അദ്ദേഹത്തിന്റെ ആരോഗ്യം വളരെ അധഃപതിച്ചിരിക്കുന്നുവെന്നും, കഴിഞ്ഞ ദിവസം കോടതിയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹം വളരെ അവശനായി കാണപ്പെട്ടുവെന്നും പത്രങ്ങളിൽ റിപ്പോർട്ടു കാണുന്നു. തുടർച്ചയായി വാനിൽക്കയറി കോടതിയിൽക്കൊണ്ടുപോകുകയും തിരിയെ കൊണ്ടുവരികയും ചെയ്യുന്നതുനിമിത്തം അദ്ദേഹത്തിന്റെ ആരോഗ്യത്തിനു് പെട്ടെന്നു ദോഷം നേരിട്ടുമെന്നു് ഞങ്ങൾക്കു് ഉൽക്കണ്ഠയുണ്ടു്. സഖാവു് നടത്തുന്ന സമരത്തോടു് ഞങ്ങൾക്കു് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, അനേകം ആളുകൾ അദ്ദേഹത്തിന്റെ ആരോഗ്യനിലയിൽ ഉൽക്കണ്ഠയുള്ളവരായി ഇന്നുണ്ടെന്നു് അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ അവശനിലയിൽ അദ്ദേഹത്തെ വാനിൽക്കയറി അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാതെ വളരെ സ്വസ്ഥനായി ഇരിക്കുന്നതിനും, അവശത പരിഹരിക്കാനും വേണ്ട ഏർപ്പാടുകൾ ചെയ്യുണമെന്നു് ഈ നാട്ടിലെ വളരെയധികം ആളുകളുടെ പേരിൽ ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly